# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4705. | 26-06-2019 ൽ മറുപടിയ്ക്ക്

## നെൽകൃഷിയുടെ വിസ്തൃതി വ്യാപിപ്പിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ . നെൽകൃഷിയുടെ വിസ്തൃതി വ്യാപിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിജയപ്രദമാണോ എന്നറിയിക്കാമോ; | (എ) | സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തൃതി വ്യാപിപ്പിക്കുന്നതിനു ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിജയപ്രദമാണ്. 2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 196870 ഹെക്ടർ നെൽകൃഷിയിൽ നിന്നും 2017-18 ൽ 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ജൂലൈ ആഗസ്റ്റ് മാസങ്ങളിലെ പ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 2,02,985.24 ഹെക്ടർ നെൽകൃഷി നിലനിറുത്താൻ സാധിച്ചിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷം 220449 ഹെക്ടർ സ്ഥലത്തെ നെൽകൃഷിയിൽ നിന്നും 814547 മെട്രിക് ടൺ നെല്ലാണ് ഉല്പാദിപ്പിച്ചത്. 2018-19 ലെ നക്കൽ കണക്കുകൾ പ്രകാരം 202985.24 ഹെക്ടർ നെൽകൃഷിയിൽ നിന്നും 864143.98 മെട്രിക് ടൺ നെല്ല് ലഭിച്ചു. പ്രളയത്തെ തുടർന്ന് നെൽകൃഷിയുടെ വിസ്തൃതിയിൽ കുറവുണ്ടായെങ്കിലും ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. ഉല്പാദന ക്ഷമതയിലുണ്ടായ വർദ്ധനവാണ് ഈ നേട്ടത്തിന് കാരണം. |
| (ബി) | തരിശുനില കൃഷി, ഓപ്പറേഷൻ കോൾ ഡബിൾ, കരനെൽകൃഷി എന്നിവ വ്യാപകമാക്കിയതിലൂടെ ഉല്പാദനത്തിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്നറിയിക്കുമോ; | (ബി) | തരിശുനില കൃഷി നടപ്പാക്കിയതിലൂടെ 52220.3417 ടൺ അരിയും, മൂന്ന് വർഷത്തെ കരനെൽ കൃഷിയിലൂടെ 16973.4489 ടൺ അരിയും ഉല്പാദിപ്പിച്ചു.<br>ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതിപ്രകാരം 3230 ഏക്കർ സ്ഥലത്ത് കൃഷിയിറക്കിയിട്ടുണ്ട്. കൊയ്ത്ത് പൂർത്തിയായിട്ടില്ല. 350 ഏക്കറോളം |

| | | | |
|---|---|---|---|
| | | | ഇനിയും കൊയ്യാൻ അവശേഷിക്കുന്നു. ശരാശരി ഉല്പാദനക്ഷമത ഹെക്ടറിനു 3.5 ടൺ മുതൽ 4 ടൺ വരെ അരിയാണ്. |
| (സി) | ചെറുകിട നാമമാത്ര നെൽകർഷകരുടെ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിന് നെല്ലുകുത്ത് യന്ത്രങ്ങൾ പാടശേഖരങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | 2017-18 സാമ്പത്തിക വർഷത്തെ സമഗ്ര നെൽകൃഷി വികസന പദ്ധതിപ്രകാരം പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകിയിരുന്നു. അതിൻ പ്രകാരം സംസ്ഥാനത്ത് 415 മിനി റൈസ് മില്ലുകളും 16 പ്രോസ്സസിംഗ് യൂണിറ്റുകളും ആരംഭിക്കുന്നതിന് അനുമതിയും സാമ്പത്തിക സഹായവും നല്കി.<br>2019-20 സാമ്പത്തിക വർഷത്തെ നെൽകൃഷി വികസന പദ്ധതിയിൽ റൈസ് മില്ല് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഘടകത്തിനായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷവും മിനി റൈസ് മില്ലുകളും പ്രോസ്സസിംഗ് യൂണിറ്റുകളും ആരംഭിക്കുന്നതാണ്. ഇതിനുപുറമെ വൻകിട റൈസ് പാർക്കുകൾ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കാനുള്ള നടപടി ആരംഭിച്ചു. |

**സെക്ഷൻ ഓഫീസർ**